പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1718 — 6.7.2015 ൽ മറുപടിയ്ക്ക്

## കാസർഗോഡ് ജില്ലയിലെ ജനസമ്പർക്ക പരിപാടി

ചോദ്യം
ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)

മറുപടി
ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| എ) കാസർഗോഡ് ജില്ലയിൽ 2015 മെയ് 14 ന് നടന്ന ജനസമ്പർക്ക പരിപാടിയിലെ തിക്കിലും തിരക്കിലുംപെട്ട് കുമ്പള ദേവിനഗർ സുനാമി കോളനിയിലെ പരേതനായ മുഹമ്മദിന്റെ ഭാര്യ സാറ (48 വയസ്) നട്ടുവൊടിഞ്ഞ് ആശുപത്രിയിലായ പത്രവാർത്ത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;<br><br>ബി) പാവപ്പെട്ട ഈ വീട്ടമ്മയെ സഹായിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ? | (എ+ബി) കാസർഗോഡ് ജില്ലയിൽ നടന്ന ജനസമ്പർക്ക പരിപാടിയ്ക്കിടെ പരിക്ക പറ്റിയ ശ്രീമതി സാറയെ ജനസമ്പർക്ക വേദിയിൽ സജ്ജീകരിച്ചിരുന്ന മെഡിക്കൽ - എയിഡ് സെന്ററിൽ പ്രവേശിപ്പിച്ച് പ്രാഥമിക ശുശ്രൂഷകൾ നൽകി, ഇ.സി.ജി എടുക്കുകയും കാസർഗോഡ് ജില്ലാ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത് എം.ആർ.ഐ, സി.ടി.സ്കാനുകൾ നടത്തി കാര്യമായ അസുഖങ്ങൾ ഒന്നുമില്ലെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണ്. ശ്രീമതി.സാറയുടെ അപേക്ഷ പരിഗണിച്ച് എ.പി.എൽ റേഷൻ കാർഡ് ബി.പി.എൽ ആക്കുന്നതിനും 25,000/- രൂപ ചികിത്സാധന സഹായം അനുവദിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ